**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3737** **27-06-2024 - ൽ മറുപടിയ്ക്ക്**

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ് ആർ.ടി.ഒ. ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ് ആർ.ടി.ഒ. ഓഫീസ് കെ.എസ്.ആർ.ടി.സി യുടെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിലേക്ക് മാറ്റുന്നതിന്റെ സാധ്യതാ പഠനത്തിനായി കണ്ണൂർ ആർ.ടി.ഒ.-യെ ചുമതലപ്പെടുത്തിയിരുന്നോ; ഉണ്ടെങ്കിൽ ഏത് വർഷം, ഏത് മാസമാണ് ചുമതലപ്പെടുത്തിയത് എന്ന് അറിയിക്കാമോ; | (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേക്ക് മാറ്റുന്നതിന്റെ സാധ്യത പഠനത്തിനായി 01/08/2023 തീയതിയിൽ കണ്ണൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. |
| (ബി) | കണ്ണൂർ ആർ.ടി.ഒ.യുടെ സാധ്യത പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണ് സമർപ്പിച്ചത് എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | കണ്ണൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കൂടാതെ പയ്യന്നൂർ മിനി സിവിൽ സ്റ്റേഷനിൽ ഒഴിവ് വരുന്ന മുറികൾ പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തനത്തിനായി അനുവദിക്കുന്ന കാര്യവും പരിശോധിച്ച് വരികയാണ്. പയ്യന്നൂർ മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭ്യമാകുമോ എന്നത് സംബന്ധിച്ച് അന്തിമ തീരുമാനം ലഭ്യമായതിനു ശേഷം കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കെട്ടിടത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | പ്രസ്തുത വിഷയത്തിൽ സർക്കാർ തീരുമാനം എടുക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ? | (സി) | കണ്ണൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കൂടാതെ പയ്യന്നൂർ മിനി സിവിൽ സ്റ്റേഷനിൽ ഒഴിവ് വരുന്ന മുറികൾ പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തനത്തിനായി അനുവദിക്കുന്ന കാര്യവും പരിശോധിച്ച് വരികയാണ്. പയ്യന്നൂർ മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭ്യമാകുമോ എന്നത് സംബന്ധിച്ച് അന്തിമ തീരുമാനം ലഭ്യമായതിനു ശേഷം കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കെട്ടിടത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ